# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1022

10.06.2019-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പതിനഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും പതിമൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പ്രവർത്തിക്കുള്ള കരാർ ഉടമ്പടി വയ്ക്കുന്നതിനു സാധ്യമായിരുന്നില്ല. ഇപ്പോൾ കരാർ ഉടമ്പടിയിൽ ഒപ്പുവക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടമ്പടിയിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br>അമൃത് പദ്ധതിയുടെ ഭാഗമായി ഇടക്കൊച്ചിയിൽ നിർമിക്കുന്ന 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പൈലിങ്ങ് ജോലികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭമായി സെറ്റിംഗ് ഔട്ട് പൂർത്തിയാക്കിയിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം പൈലിങ്ങ് നടത്തുവാൻ സാധിച്ചില്ല. ആയതിനാൽ എത്രയും പെട്ടന്ന് പണി തുടങ്ങുന്നതിന് കരാറുകാരന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പ്രവൃത്തി, കരാർ ഉടമ്പടി വരുന്നമുറയ്ക്ക് താമസംവിനാ ആരംഭിക്കാനാവും. 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പൈലിങ്ങ് പ്രവൃത്തി ജൂൺ മൂന്നാം വാരത്തോടെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**